**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5587** **03-11-2021 - ൽ മറുപടിയ്ക്ക്**

**അനധികൃത ബോർഡുകളും നിർമ്മാണങ്ങളും നീക്കം ചെയ്യുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിൽ വരുന്ന അനധികൃത ബോർഡുകളും നിർമ്മാണങ്ങളും നീക്കം ചെയ്യുന്നതിന് വർഷത്തിൽ എത്ര തവണയാണ് നടപടികൾ സ്വീകരിച്ചുവരുന്നതെന്ന് പറയാമോ; 2021 ൽ ഇതിനായി പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിൽ വരുന്ന അനധികൃത ബോർഡുകളും നിർമ്മാണങ്ങളും നീക്കം ചെയ്യുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ല. 07.03.2018, 06.10.2018, 09.07.2021 എന്നീ തീയതികളിൽ സർക്കാർ പുറപ്പെടുവിച്ച 41/ആർ.സി2/2018/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം അനധികൃത ബോർഡുകൾ, ഹോർഡിംഗുകൾ, ബാനറുകൾ എന്നിവ നീക്കം ചെയ്യുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിയ്ക്കുകയും ചെയ്യുന്നുണ്ട്. ബന്ധപ്പെട്ട സർക്കുലറുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പരസ്യത്തിന്റെ ഭാഗമായി റോഡ് തടസ്സപ്പെടുത്തി ബോർഡുകൾ സ്ഥാപിക്കുന്നതും വഴിയോര കച്ചവടത്തിന്റെ ഭാഗമായി റോഡ് തടസ്സപ്പെടുത്തി സ്ഥിരം നിർമ്മാണങ്ങൾ നടത്തിയിട്ടുള്ളതും കേരളത്തിലെ ഏതെല്ലാം പഞ്ചായത്തുകളുടെ പരിധിയിലാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇവയുടെ വിവരങ്ങൾ ലഭ്യമാക്കുമോ; ഈ അനധികൃത പ്രവൃത്തികൾ നീക്കം ചെയ്ത് റോഡ് യാത്ര സുഗമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിൽ വരുന്ന അനധികൃത ബോർഡുകളും നിർമ്മാണങ്ങളും നീക്കം ചെയ്യുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ല. 07.03.2018, 06.10.2018, 09.07.2021 എന്നീ തീയതികളിൽ സർക്കാർ പുറപ്പെടുവിച്ച 41/ആർ.സി2/2018/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം അനധികൃത ബോർഡുകൾ, ഹോർഡിംഗുകൾ, ബാനറുകൾ എന്നിവ നീക്കം ചെയ്യുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിയ്ക്കുകയും ചെയ്യുന്നുണ്ട്. ബന്ധപ്പെട്ട സർക്കുലറുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | അനധികൃത ബോർഡുകളും നിർമ്മാണങ്ങളും നീക്കം ചെയ്യുന്നതിന് സർക്കാർ നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെയും സർക്കുലറുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ; ഇത് കർശനമായി | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിൽ വരുന്ന അനധികൃത ബോർഡുകളും നിർമ്മാണങ്ങളും നീക്കം ചെയ്യുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ല. 07.03.2018, 06.10.2018, 09.07.2021 എന്നീ തീയതികളിൽ സർക്കാർ |

| | | | |
|---|---|---|---|
| | പാലിക്കാൻ ബന്ധപ്പെട്ടവർക്ക് ഒരിക്കൽ കൂടി കർശന നിർദ്ദേശം നൽകുമോ? | | പുറപ്പെടുവിച്ച 41/ആർ.സി2/2018/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം അനധികൃത ബോർഡുകൾ, ഹോർഡിംഗുകൾ, ബാനറുകൾ എന്നിവ നീക്കം ചെയ്യുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിയ്ക്കുകയും ചെയ്യുന്നുണ്ട്. ബന്ധപ്പെട്ട സർക്കുലറുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

നം.41/ആർ.സി.2/2018/തസ്വഭവ

തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്,
തിരുവനന്തപുരം, തീയതി, 07/03/2018

**<u>പരിപത്രം</u>**

**വിഷയം: ബോർഡുകൾ/ബാനറുകൾ/ ഹോർഡിങ്ങുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ — സംബന്ധിച്ച്.**

സംസ്ഥാനത്തൊട്ടാകെ വിവിധ രാഷ്ട്രീയപാർട്ടികളും സംഘടനകളും പരസ്യ ഏജൻസികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി കൂടാതെ പരസ്യ ബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ സ്ഥാപിക്കുന്നതായും ഇവ റോഡിലേക്ക് തള്ളി നിൽക്കുന്നതായും അതുവഴി അപകടങ്ങൾ ഉണ്ടാകുന്നതായും രാഷ്ട്രീയ പാർട്ടികൾ സ്ഥാപിക്കുന്ന പരസ്യ ബോർഡുകൾ എതിർകക്ഷിക്കാർ തകർക്കുകയും അതു സംഘട്ടനത്തിനും അക്രമത്തിനും പ്രദേശത്തെ സമാധാന അന്തരീക്ഷം കലുഷിതമാകുന്നതിനും കാരണമാകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1994 ലെ പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 209 (സി) പ്രകാരം അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ തുടങ്ങിയവ പഞ്ചായത്ത് സെക്രട്ടറിക്ക് നീക്കം ചെയ്യാവുന്നതാണ്. 1994 ലെ മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 275 പ്രകാരം അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ തുടങ്ങിയവ കോർപ്പറേഷൻ / മുനിസിപ്പാലിറ്റി സെക്രട്ടറിക്ക് നീക്കം ചെയ്യാവുന്നതാണ്.

വ്യക്തികൾ / സ്ഥാപനങ്ങൾ / സംഘടനകൾ ചട്ടവിരുദ്ധമായി പരസ്യബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധിച്ച് നീക്കം ചെയ്യാൻ ആവശ്യമായ നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ സ്വീകരിക്കേണ്ടതാണ്.

കൂടാതെ പരസ്യ ബോർഡുകൾ / ഹോർഡിങ്ങുകൾ / ബാനറുകൾ എന്നിവ സ്ഥാപിക്കുന്ന സംഘടനകൾ / വ്യക്തികൾ / സ്ഥാപനങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ചട്ടപ്രകാരം അനുമതി വാങ്ങിയിട്ടുണ്ടോ എന്ന കാര്യം തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്.

ടി .കെ .ജോസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ/ നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ സെക്രട്ടറി, ആഭ്യന്തര വകുപ്പ്.
പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗത വകുപ്പ്.
പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്- വെബ് & ന്യൂ മീഡിയ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

നം.ആർ.സി.2/ 41/ 2018/ തസ്വഭവ

തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്,
തിരുവനന്തപുരം, തീയതി, 06/ 10/ 2018

**പരിപത്രം**

വിഷയം: ബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ - അധിക മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന: 1) 07.03.2018 തീയതിയിലെ 41/ ആർ.സി2/ 2018/ തസ്വഭവ നമ്പർ പരിപത്രം

2) 22750/ 2018 നമ്പർ റിട്ട് പെറ്റീഷനിന്മേൽ ബഹു. ഹൈക്കോടതി 18.09.2018, 03.10.2018 എന്നീ തീയതികളിൽ പുറപ്പെടുവിച്ച ഉത്തരവ്

സംസ്ഥാനത്തൊട്ടാകെ വിവിധ ഏജൻസികളും സംഘടനകളും സ്ഥാപനങ്ങളും രാഷ്ട്രീയപാർട്ടികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി കൂടാതെ പരസ്യ ബോർഡുകൾ/ബാനറുകൾ/ഹോർഡിങ്ങുകൾ സ്ഥാപിക്കുന്നതായും ഇവ റോഡിലേക്ക് തള്ളി നിൽക്കുന്നതായും അതുവഴി അപകടങ്ങൾ ഉണ്ടാകുന്നതായും ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇത് നിയന്ത്രിക്കുന്നതിന് സൂചന 1 പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

ബോർഡുകൾ/ബാനറുകൾ/ഹോർഡിങ്ങുകൾ എന്നിവ അനധികൃതമായി സ്ഥാപിക്കുന്നത് തടയുന്നത് സംബന്ധിച്ച് ബഹു.കേരള ഹൈക്കോടതി സൂചന (2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് പാലിച്ചുകൊണ്ട്, താഴെപ്പറയുന്ന നിബന്ധനകൾ കർശനമായും നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാരെ ചുമതലപ്പെടുത്തുന്നു.

(1) പരസ്യ ബോർഡുകൾ / ഹോർഡിങ്ങുകൾ / ബാനറുകൾ എന്നിവ സ്ഥാപിക്കുന്ന സംഘടനകൾ/വ്യക്തികൾ/സ്ഥാപനങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ചട്ടപ്രകാരം അനുമതി വാങ്ങിയിട്ടുണ്ടോ എന്ന കാര്യം തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

(2) പരസ്യ ബോർഡുകൾ / ഹോർഡിങ്ങുകൾ / ബാനറുകൾ തുടങ്ങിയവയിൽ ഉൾക്കൊള്ളിക്കുന്ന പരസ്യം/അറിയിപ്പിന്റെ പകർപ്പ് അനുമതി അപേക്ഷയോടൊപ്പം തദ്ദേശസ്വയംഭരണ സെക്രട്ടറി വാങ്ങേണ്ടതാണ്. പ്രകോപനപരമായതും മതവികാരം വ്രണപ്പെടുത്തുന്നതും കൊലപാതകദൃശ്യങ്ങൾ ഉൾപ്പെടെയുള്ള ബീഭത്സമായ രംഗങ്ങൾ ചിത്രീകരിക്കുന്നതുമായ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകരുത്.

(3) യാത്രക്കാർക്കും കാൽനടയാത്രക്കാർക്കും പൊതുജനങ്ങൾക്കും ബുദ്ധിമുട്ട് ഉണ്ടാകാത്ത ഇടങ്ങളിൽ മാത്രമേ പരസ്യ ബോർഡുകൾ / ഹോർഡിങ്ങുകൾ /

ബാനറുകൾ തുടങ്ങിയവ സ്ഥാപിക്കുന്നതിന് അനുമതി നൽകാൻ പാടുള്ളൂ. നടപ്പാതയിലും നടപ്പാതയ്ക്ക് ഇരുവശവും റോഡുകളുടെ വളവുകളിലും പാലങ്ങളിലും റോഡുകൾക്ക് കുറുകെ ഗതാഗത തടസ്സം ഉണ്ടാക്കുന്നവിധവും ബോർഡുകളും ബാനറുകളും സ്ഥാപിക്കുവാൻ അനുമതി നൽകരുത്. ഇതിന് വിരുദ്ധമായിട്ടുള്ള ബോർഡുകളും ഹോർഡിങ്ങുകളും ബാനറുകളും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിമാർ ഉടനടി നീക്കംചെയ്യേണ്ടതും അത് സ്ഥാപിച്ചവർക്കെതിരെ നിയമപ്രകാരം നടപടി എടുക്കേണ്ടതുമാണ്.

(4) 1994 ലെ പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 209 (സി) പ്രകാരം അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യബോർഡുകൾ/ബാനറുകൾ/ഹോർഡിങ്ങുകൾ തുടങ്ങിയവ പഞ്ചായത്ത് സെക്രട്ടറിക്ക് നീക്കം ചെയ്യാവുന്നതാണ്. 1994 ലെ മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 275 പ്രകാരം അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ/ ബാനറുകൾ/ഹോർഡിങ്ങുകൾ തുടങ്ങിയവ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി സെക്രട്ടറിക്ക്നീക്കംചെയ്യാവുന്നതാണ്. വ്യക്തികൾ/ സ്ഥാപനങ്ങൾ/ സംഘടനകൾ ചട്ടവിരുദ്ധമായി പരസ്യബോർഡുകൾ/ ബാനറുകൾ/ ഹോർഡിങ്ങുകൾ എന്നിവസ്ഥാപിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധിച്ച് നീക്കം ചെയ്യാൻ ആവശ്യമായനടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ സ്വീകരിക്കേണ്ടതാണ്.

(5) ഉപയോഗം അവസാനിക്കുമ്പോൾ ബോർഡുകൾ നീക്കംചെയ്യേണ്ട ചുമതല ഇവ സ്ഥാപിക്കുന്നതിന് അനുമതി വാങ്ങുന്ന വ്യക്തി/സ്ഥാപനത്തിനായിരിക്കും. തീയതി വച്ചുള്ള പ്രോഗ്രാം ബാനറുകൾക്ക് പ്രോഗ്രാം അവസാനിക്കുന്ന തീയതി ഉപയോഗം അവസാനിക്കുന്ന തീയതിയായും, തീയതി വയ്ക്കാത്ത സ്ഥാപനങ്ങളുടേയും മറ്റും പരസ്യങ്ങൾക്ക് പരമാവധി 60 ദിവസം പിന്നിട്ടുള്ള തീയതി ഉപയോഗം അവസാനിച്ച തീയതിയായും നിശ്ചയിക്കേണ്ടതാണ്. പരസ്യം കൂടുതൽ സമയത്തേയ്ക്ക് നിലനിർത്തണമെങ്കിൽ 60 ദിവസത്തിനുമുമ്പാകെ ഇതു സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അനുമതി വാങ്ങേണ്ടതാണ്.

(6) പ്രദർശിപ്പിക്കുന്ന ബോർഡുകൾ, ബാനറുകൾ ഉപയോഗം അവസാനിക്കുന്ന തീയതിക്കു ശേഷം പരമാവധി 7 ദിവസത്തിനുള്ളിൽ സ്ഥാപിച്ചവർ തന്നെ എടുത്തുമാറ്റേണ്ടതാണ്. ഉപയോഗം അവസാനിക്കുന്ന തീയതി കഴിഞ്ഞ് 7 ദിവസത്തിനു ശേഷവും എടുത്തുമാറ്റാത്ത പക്ഷം ടി ബോർഡുകൾ / ബാനറുകൾ / ഹോർഡിംഗുകൾ എന്നിവ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിമാർ എടുത്തുമാറ്റാൻവേണ്ട നടപടി സ്വീകരിക്കേണ്ടതും അതിനുവേണ്ടിവരുന്ന ചെലവ് ബോർഡുകൾ/ബാനറുകൾ/ഹോർഡിംഗുകൾ സ്ഥാപിച്ചവരിൽ നിന്നും ഈടാക്കേണ്ടതും ഇവർക്കെതിരെ ഫൈനുൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(7) ഈ സർക്കുലറിൽ പ്രതിപാദിക്കുന്ന വിഷയം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ പ്രചാരണം നൽകേണ്ടതും നോട്ടീസ് ബോർഡിൽ ഈ പരിപത്രത്തിന്റെ പകർപ്പ് പ്രദർശിപ്പിക്കേണ്ടതുമാണ്.

(8) ഇപ്പോൾ സ്ഥാപിച്ചിട്ടുള്ള അനധികൃത ബോർഡുകൾ 2018 ഒക്ടോബർ 15 ന് മുമ്പായി നീക്കം ചെയ്യേണ്ടതും ബോർഡുകൾ നീക്കംചെയ്തതത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർ/റീജിയണൽ ഡയറക്ടർക്ക് ഒക്ടോബർ 25 ന് മുമ്പായി റിപ്പോർട്ട് നൽകേണ്ടതുമാണ്. ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർ/ജോയിന്റ് ഡയറക്ടർ, പഞ്ചായത്ത്/മുനിസിപ്പാലിറ്റി/നഗരസഭ തലത്തിൽ നടന്ന പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് നഗരകാര്യ ഡയറക്ടർ/പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം ഒക്ടോബർ 30 ന് മുമ്പാകെ സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്നുവെന്ന് പഞ്ചായത്ത്/നഗരകാര്യ ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്. പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി ഡയറക്ടറേറ്റ് തലത്തിൽ ഒരു നോഡൽ ഓഫീസറെ ചുമതലപ്പെടുത്തേണ്ടതാണ്. സൂചന (2) ലെ ബഹു.ഹൈക്കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള എല്ലാ പരസ്യങ്ങളും സമയബന്ധിതമായിതന്നെ നീക്കം ചെയ്യേണ്ടതാണ്.

(9) പരിപത്രത്തിലെ നിർദ്ദേശങ്ങൾ തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർ കർശനമായും പാലിക്കണമെന്ന് നിർദ്ദേശിക്കുന്നു. അല്ലാത്തപക്ഷം ബന്ധപ്പെട്ടവർക്കെതിരെ കർശനമായ നടപടി സ്വീകരിക്കുന്നതാണ്.

**കെ. ഗോപാലകൃഷ്ണ ഭട്ട്**
**സ്പെഷ്യൽ സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ ( ആമുഖ കത്ത് സഹിതം)
ശ്രീ.ഹരീഷ് വാസുദേവൻ, അമിക്കസ് ക്യൂറി ( ആമുഖ കത്ത് സഹിതം)
സ്റ്റേറ്റ് അറ്റോർണി ( ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം,
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ/ നഗരകാര്യ ഡയറക്ടർ മുഖേന)
അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
സെക്രട്ടറി, ഗതാഗത വകുപ്പ്
സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

## കേരള സർക്കാർ

നം.ആർ.സി2/ 41/ 2021/ തസ്വഭവ

തദ്ദേശസ്വയംഭരണ (ആർ.സി.)വകുപ്പ്,
തിരുവനന്തപുരം, തീയതി, 09/ 07/ 2021.

### പരിപത്രം

വിഷയം: അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ/ ഹോർഡിംഗുകൾ/ ബാനറുകൾ/ ഫ്ലക്സ് ബോർഡുകൾ/ താൽക്കാലിക കമാനങ്ങൾ/ പോസ്റ്ററുകൾ തുടങ്ങിയവ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി 5218/ 2012, 30266/ 2012, 17922/ 2013 & 11036/ 2015 എന്നീ റിട്ട് ഹർജികളിൽ 14.01.2021 തീയതിയിലും 22557/ 2015, 22858/ 2015, 9914/ 2016 എന്നീ റിട്ട് ഹർജികളിൽ 03.02.2021 തീയതിയിലും പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന അധിക മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച്.

സൂചന:
1) 08.1.2010 ലെ 57850/ ആർസി4/ 2008/ തസ്വഭവ നമ്പർ പരിപത്രം
2) 25.10.2013 ലെ 71806/ ആർസി2/ 2013/ തസ്വഭവ നമ്പർ പരിപത്രം
3) 07.03.2018 ലെ 41/ ആർസി2/ 2018/ തസ്വഭവ നമ്പർ പരിപത്രം.
4) 06.10.2018, 20.7.2019 തീയതികളിലെ ആർസി2/ 41/ 2018/ ത.സ്വ.ഭ.വ നമ്പർ പരിപത്രം
5) 26.10.2018 ലെ സ.ഉ(സാധാ)നം.2733/ 2018/ തസ്വഭവ
6) 21.01.2019-ലെ സ.ഉ.(സാധാ) നം. 113/ 2019/ തസ്വഭവ.
7) 02.03.2019 ലെ സ.ഉ(സാധാ)നം.504/ 2019/ തസ്വഭവ
8) 5218/ 2012, 30266/ 2012, 17922/ 2013 & 11036/ 2015 എന്നീ റിട്ട് ഹർജികളിൽ14.01.2021 തീയതിയിലും 22557/ 2015, 22858/ 2015, 9914/ 2016 എന്നീ റിട്ട് ഹർജികളിൽ 03.02.2021 തീയതിയിലും ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.

സംസ്ഥാനത്തൊട്ടാകെ വിവിധ ഏജൻസികളും സംഘടനകളും സ്ഥാപനങ്ങളും രാഷ്ട്രീയ പാർട്ടികളും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അനുമതി കൂടാതെ പരസ്യ ബോർഡുകൾ/ ബാനറുകൾ/ ഹോർഡിങ്ങുകൾ/ കൊടികൾ സ്ഥാപിക്കുന്നതുമൂലം അപകടങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇത് നിയന്ത്രിക്കുന്നതിനായി പരസ്യ ബോർഡുകൾ/ ബാനറുകൾ/ ഹോർഡിങ്ങുകൾ/ കൊടികൾ സ്ഥാപിക്കുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയും അനധികൃതമായി സ്ഥാപിച്ചിട്ടുള്ളവ എടുത്തുമാറ്റാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം

നൽകിയും സൂചന (1) മുതൽ (7) വരെയുള്ള സർക്കാർ പരിപത്രങ്ങൾ/ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു.

ബഹു. ഹൈക്കോടതിയുടെ മുൻ ഉത്തരവുകൾ പാലിച്ചുകൊണ്ട് സർക്കാർ പരിപത്രങ്ങൾ/ ഉത്തരവുകൾ പുറപ്പെടുവിച്ചുവെങ്കിലും അനധികൃത ഫ്ലക്സ്/ പരസ്യബോർഡുകൾ/ ബാനറുകൾ/ ഹോർഡിങ്ങുകൾ/ കൊടികൾ വിവിധ രീതിയിൽ സംസ്ഥാനത്തൊട്ടാകെ സ്ഥാപിച്ചിരിക്കുന്ന സാഹചര്യം വിലയിരുത്തി എല്ലാ അനധികൃത പരസ്യ ബോർഡുകൾ/ ഹോർഡിംഗുകൾ/ ബാനറുകൾ/ ഫ്ലക്സ് ബോർഡുകൾ/ താൽക്കാലിക കമാനങ്ങൾ/ പോസ്റ്ററുകൾ തുടങ്ങിയവ നീക്കം ചെയ്യുന്നതിന് കർശന നിർദേശം നൽകി ബഹു. ഹൈക്കോടതി സൂചന (8) പ്രകാരം ഉത്തരവിട്ടിരിക്കുന്നു.

മേൽ സാഹചര്യത്തിൽ, അനധികൃത ഫ്ലക്സ്/ പരസ്യബോർഡുകൾ/ ബാനറുകൾ/ ഹോർഡിങ്ങുകൾ/ കൊടികൾ സ്ഥാപിക്കുന്നത് തടയുന്നതിനും നീക്കം ചെയ്യുന്നത് സംബന്ധിച്ചും മുൻ ഉത്തരവുകളിലും സർക്കുലറുകളിലും പരാമർശിച്ച നിർദ്ദേശങ്ങൾക്കു പുറമേ താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി കർശനമായും പാലിക്കണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകുന്നു. അല്ലാത്തപക്ഷം കർശന നടപടികൾ കൈക്കൊള്ളുന്നതാണ്. ജില്ലാകളക്ടർമാരും പഞ്ചായത്ത്-നഗരകാര്യ ഡയറക്ടർമാരും നോഡൽ ഓഫീസർമാരും ബഹു.ഹൈക്കോടതി ഉത്തരവുകളിലെയും സർക്കാർ ഉത്തരവുകളിലെയും നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ കർശനമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

i. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രദേശങ്ങളിലെ എല്ലാ അനധികൃത പരസ്യ ബോർഡുകൾ/ ഹോർഡിംഗുകൾ/ ബാനറുകൾ/ ഫ്ലക്സ് ബോർഡുകൾ/ താൽക്കാലിക കമാനങ്ങൾ/ പോസ്റ്ററുകൾ തുടങ്ങിയവ അടിയന്തിരമായി കണ്ടെത്തി നീക്കം ചെയ്യേണ്ടതും, അവ സ്ഥാപിക്കുന്നതിനായി പൊതു നിരത്തുകളിലും, നടപ്പാതകളിലും തൂണുകൾ നാട്ടിയത് കാരണം ഉണ്ടായ കുഴികൾ ഉടൻ മൂടുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറി കർശന നടപടി സ്വീകരിക്കേണ്ടതാണ്.

ii. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 209 (സി), 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 275 എന്നിവ പ്രകാരം അനധികൃത പരസ്യ ബോർഡുകൾ/ ഹോർഡിംഗുകൾ/ ബാനറുകൾ/ ഫ്ലക്സ് ബോർഡുകൾ/ താൽക്കാലിക കമാനങ്ങൾ/ പോസ്റ്ററുകൾ തുടങ്ങിയവ നീക്കം ചെയ്യുന്നതിന് ആവശ്യമായ സഹായം നാഷണൽ ഹൈവേ അതോറിറ്റിക്ക് നൽകുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ സ്വീകരിക്കേണ്ടതാണ്.

iii. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 209 (സി), 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 275 എന്നിവ പ്രകാരം അനധികൃത പരസ്യ ബോർഡുകൾ/ ഹോർഡിംഗുകൾ/ ബാനറുകൾ/ ഫ്ലക്സ് ബോർഡുകൾ/

താൽക്കാലിക കമാനങ്ങൾ/ പോസ്റ്ററുകൾ മുതലായവ നീക്കം ചെയ്യുന്നതിനായി ആയത് സ്ഥാപിച്ചവർതന്നെ സ്വമേധയാ നീക്കം ചെയ്യുന്നതിന് വ്യാപകമായ അറിയിപ്പുകൾ പത്ര - ദൃശ്യ മാധ്യമങ്ങളിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ നൽകേണ്ടതും അറിയിപ്പ് നൽകി 3 ദിവസത്തിനുള്ളിൽ നീക്കം ചെയ്യാത്തവ കണ്ടെത്തി 7 ദിവസത്തിനുള്ളിൽ നീക്കം ചെയ്യുന്നതിന് ബന്ധപ്പെട്ടവർക്ക് നോട്ടീസ് നൽകേണ്ടതും എന്നിട്ടും നീക്കം ചെയ്യാത്തവ തദ്ദേശ സ്വയംഭരണ സ്ഥാപനം നീക്കം ചെയ്യേണ്ടതും ആയതിന് വരുന്ന ചെലവ് ബന്ധപ്പെട്ടവരിൽനിന്നും നിയമാനുസരണം ഈടാക്കേണ്ടതുമാണ്.

iv. പരസ്യ ബോർഡുകൾ/ ബാനറുകൾ/ ഹോർഡിംഗുകൾ എന്നിവ സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട നിയമം/ ചട്ടം പ്രകാരമുള്ള അനുമതി ആവശ്യമാണെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ പരസ്യപ്പെടുത്തേണ്ടതും അനുമതി ഇല്ലാതെ സ്ഥാപിച്ചിരിക്കുന്ന പരസ്യങ്ങൾ അടിയന്തിരമായി നീക്കം ചെയ്യേണ്ടതും അനുമതിക്കായി സമർപ്പിക്കുന്ന അപേക്ഷകൾ സംബന്ധിച്ച് താഴെ പറയുന്ന നിബന്ധനകൾ പാലിക്കുകയും ചെയ്യേണ്ടതാണ്.

a) ഒരു സാമ്പത്തിക വർഷത്തേക്കാണ് അനുമതി നൽകേണ്ടത്.

b) പരസ്യ ബോർഡുകൾ, ബാനറുകൾ, ഹോർഡിങ്ങുകൾ മുതലായവ പൊതു നിരത്തുകളിൽ സ്ഥാപിച്ചതുമൂലം എന്തെങ്കിലും അപകടം സംഭവിച്ചാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്തവും നഷ്ടപരിഹാരം നൽകേണ്ടി വന്നാൽ അതിന്റെ പൂർണ്ണ ബാദ്ധ്യതയും ഏറ്റെടുത്തുകൊള്ളാമെന്നും കാലാവധിക്ക് ശേഷം / ആവശ്യങ്ങൾക്ക് ശേഷം സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും പരസ്യ ബോർഡുകൾ/ ബാനറുകൾ/ഹോർഡിങ്ങുകൾ എന്നിവ എടുത്തു മാറ്റുന്നതാണെന്നുമുള്ള നിബന്ധന ചേർത്ത് 200/- രൂപ മുദ്രപത്രത്തിൽ അപേക്ഷകനെകൊണ്ട് കരാർ വഹിക്കേണ്ടതാണ്.

c) പരസ്യ ബോർഡിന് / ഹോർഡിങിന് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കേണ്ടതാണ്.

d) അപേക്ഷയോടൊപ്പം പരസ്യ ബോർഡുകൾ/ബാനറുകൾ / ഹോർഡിങ്ങുകൾ എന്നിവ സ്ഥാപിക്കുന്ന റോഡിന്റെ പേര്, വീതി, സ്ഥല ഉടമയുടെ വിശദാംശങ്ങൾ, സമ്മതപത്രം, ലൊക്കേഷൻ പ്ലാൻ, പരസ്യത്തിന്റെ വിസ്തീർണ്ണം, എഗ്രിമെന്റ്, ക്ഷമതയുള്ള അധികാരിയുടെ സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ്, ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ്, സ്ഥാപിക്കുന്ന കാലയളവ്, ഒന്നിലധികം സാമ്പത്തിക വർഷത്തേക്കാണെങ്കിൽ അടുത്ത സാമ്പത്തിക വർഷം അപേക്ഷ പുതുക്കുന്നതാണെന്ന സാക്ഷ്യപത്രം എന്നിവ ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

v. റോഡ് സേഫ്റ്റി അതോറിറ്റിയുടെ/ദുരന്തനിവാരണ അതോറിറ്റിയുടെ സമ്മതപത്രം ലഭ്യമാക്കേണ്ടതും ഏതെങ്കിലും തരത്തിലുള്ള നിരോധിത മേഖലയ്ക്ക് അഭിമുഖമായി പരസ്യ ബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ എന്നിവ

സ്ഥാപിക്കുന്നില്ല എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഉറപ്പ് വരുത്തേണ്ടതാണ്.

vi. റോഡ് സൈഡിലും മറ്റു പൊതു സ്ഥലങ്ങളിലും നിൽക്കുന്ന വൃക്ഷങ്ങളിൽ ആണി ഉപയോഗിച്ചോ മറ്റ് രീതികളിലോ പരസ്യങ്ങൾ പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല. ഇത് ലംഘിക്കുന്നവർക്കെതിരെ നിയമാനുസൃതമായ നടപടികൾ തദ്ദേശ സ്ഥാപന സെക്രട്ടറിമാർ സ്വീകരിക്കേണ്ടതാണ്. മരങ്ങളിൽ ആണികൾ ഉപയോഗിച്ച് സ്ഥാപിച്ചിട്ടുള്ള പരസ്യബോർഡുകൾ (ആണികൾ ഉൾപ്പെടെ) അടിയന്തിരമായി നീക്കം ചെയ്യുന്നതിനുള്ള നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ സ്വീകരിക്കേണ്ടതാണ്.

vii. റോഡ് സുരക്ഷക്ക് ഭംഗം വരുന്ന രീതിയിൽ സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ/ ഹോർഡിംഗുകൾ/ ബാനറുകൾ/ ഫ്ലക്സ് ബോർഡുകൾ/ താൽക്കാലിക കമാനങ്ങൾ/ പോസ്റ്ററുകൾ മുതലായവ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി നീക്കം ചെയ്യേണ്ടതാണ്.

viii. നിയമാനുസൃതമായ അനുമതി കൂടാതെയും ട്രാഫിക്ക് തടസ്സം ഉണ്ടാകുന്ന രീതിയിലും പരസ്യാവശ്യത്തിനും പ്രചാരണത്തിനുമായി സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ/ ഹോർഡിംഗുകൾ/ ബാനറുകൾ/ ഫ്ലക്സ് ബോർഡുകൾ/ താൽക്കാലിക കമാനങ്ങൾ/ പോസ്റ്ററുകൾ മുതലായവ അടിയന്തിരമായി നീക്കം ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ടതാണ്.

ix. അനധികൃത പരസ്യ ബോർഡുകൾ/ ഹോർഡിംഗുകൾ/ ബാനറുകൾ/ ഫ്ലക്സ് ബോർഡുകൾ/ താൽക്കാലിക കമാനങ്ങൾ/ പോസ്റ്ററുകൾ മുതലായവ നീക്കം ചെയ്യുന്ന വിഷയത്തിൽ നിയമലംഘനം ശ്രദ്ധയിൽപെട്ടാൽ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ അക്കാര്യം ബന്ധപ്പെട്ട ജില്ലാ കളക്ടറെ അറിയിക്കേണ്ടതാണ്.

x. അനധികൃത പരസ്യ ബോർഡുകൾ/ ഹോർഡിംഗുകൾ/ ബാനറുകൾ/ ഫ്ലക്സ് ബോർഡുകൾ/ താൽക്കാലിക കമാനങ്ങൾ/ പോസ്റ്ററുകൾ മുതലായവ നീക്കം ചെയ്യുന്ന വിഷയത്തിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് എല്ലാ മാസവും തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് സമർപ്പിക്കേണ്ടതാണ്.

xi. നഗരകാര്യ ഡയറക്ടറും പഞ്ചായത്ത് ഡയറക്ടറും നോഡൽ ഓഫീസർമാരും തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ ഈ വിഷയവുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ യഥാസമയം തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്ക് നൽകേണ്ടതുമാണ്.

xii. ബഹു. ഹൈക്കോടതിയുടെയും സർക്കാരിന്റെയും നിർദേശങ്ങൾ നടപ്പാക്കുന്നതിൽ വീഴ്ച വരുത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാരുടെയും ഫീൽഡ് സ്റ്റാഫ് ഉൾപ്പെടെയുള്ളവരുടെയും വിവരം സഹിതം സർക്കാരിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ബിശ്വനാഥ് സിൻഹ**

പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ എറണാകുളം (ആമുഖ കത്ത് സഹിതം)
അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗത വകുപ്പ്
എല്ലാ ജില്ലാ കളക്ടർമാർക്കും
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ തദ്ദേശസ്വയംഭരണ സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ/ നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർസി.2/41/2021/ത.സ്വ.ഭ.വ.).

ഉത്തരവിൻ പ്രകാരം

Bindu.T

സെക്ഷൻ ഓഫീസർ